**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1763** **29-07-2021 - ൽ മറുപടിയ്ക്ക്**

**കുറ്റിപ്പുറം കാങ്കക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ കിഫ്ബി പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റിപ്പുറം കാങ്കക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ കിഫ്ബി പരിശോധന പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കുറ്റിപ്പുറം കാങ്കക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർവഹണത്തിനായി ഭരണവകുപ്പ് ചുമതലപ്പെടുത്തിയ കേരളാ ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ സമർപ്പിച്ച പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് സാങ്കേതികപരമായി തൃപ്തികരമല്ലാത്തതിനാൽ സർവ്വേ ഉൾപ്പടെയുള്ള പരിശോധനകൾ വീണ്ടും നടത്തി കിഫ്ബിയുടെ സഹായത്താൽ പരിഷ്കരിച്ച പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരുന്നു. ടി പദ്ധതി റിപ്പോർട്ട് ഓഗസ്റ്റ് മാസത്തോട്ടുകൂടി പൂർത്തിയാകുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്ക് കിഫ്ബി അനുവാദം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത പദ്ധതിയ്ക്ക് കിഫ്ബി ധനാനുമതി നൽകിയിട്ടില്ല. |
| (സി) | കിഫ്ബി അനുവാദം നൽകി പദ്ധതി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | കിഫ്ബിയുടെ സഹായത്താൽ തയ്യാറാക്കുന്ന പദ്ധതി റിപ്പോർട്ട് കിഫ്ബിയുടെ തുടർന്നുവരുന്ന എക്സിക്യൂട്ടീവ്/ജനറൽ ബോർഡ് യോഗത്തിൽ അംഗീകാരത്തിനായി സമർപ്പിച്ച് പദ്ധതിയ്ക്ക് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ